ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 16.02.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ഘടനാപരമായ പരിഷ്കാരങ്ങൾ, നവീകരണം, ലളിതമായ ഭരണം എന്നിവയിൽ അധിഷ്ഠിതമായിരിക്കും അടുത്ത ദശകത്തിലെ വികസന പ്രവർത്തനങ്ങൾ എന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi listed three priorities for the next decade - more structural reforms, deepening innovation, and simpler governance.**

2. ഇന്ത്യ AI ഇംപാക്ട് എക്സ്പോയ്ക്ക് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും. പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.

   **Prime Minister will inaugurate the India AI Impact Expo 2026 in New Delhi today.**

3. അസം നിയമസഭാ തിരഞ്ഞെടുപ്പ് തയ്യാറെടുപ്പുകൾ അവലോകനം ചെയ്യാൻ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിന്റെ നേതൃത്വത്തിലുള്ള സംഘം ഇന്ന് ഗുവാഹത്തിയിലെത്തും.

   **A full body of the Election Commission of India, headed by Chief Election Commissioner, Gyanesh Kumar will be visiting Guwahati today to review State's preparedness for the upcoming Assembly elections.**

4. കേരളത്തിൽ തീവ്ര വോട്ടർ പട്ടിക പരിഷ്കരണ നടപടികൾ പുരോഗമിക്കുന്നു. അന്തിമ വോട്ടർ പട്ടിക ഈ മാസം 21 ന്.

**In Kerala the process regarding special intensive revision of electoral roll is progressing. The final voter list will be published on the 21st of this month.**

5. **ബംഗ്ലാദേശിൽ പുതിയ സർക്കാരിന്റെ സത്യപ്രതിജ്ഞ നാളെ. ഇന്ത്യയെ പ്രതിനിധീകരിച്ച് ലോക്സഭാ സ്പീക്കർ ഓം ബിർള പങ്കെടുക്കും.**

**Lok Sabha Speaker Om Birla to represent India at swearing-in ceremony of newly elected government of Bangladesh in Dhaka tomorrow.**

6. **ഐ.സി.സി പുരുഷ ട്വന്റി -20 ക്രിക്കറ്റ് ലോകകപ്പിൽ പാകിസ്ഥാനെതിരെ ഇന്ത്യക്ക് 61 റൺസ് ജയം.**

**In the ICC Men's T20 World Cup, India defeated Pakistan by 61 runs.**

**&&&&&&&&&&&&&&&&&&**

## PM INTERVIEW-PTI

ഘടനാപരമായ പരിഷ്കാരങ്ങൾ, നവീകരണം, ലളിതമായ ഭരണം എന്നിവയിൽ അധിഷ്ഠിതമായിരിക്കും അടുത്ത ദശകത്തിലെ വികസന പ്രവർത്തനങ്ങൾ എന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഒരു വാർത്താ ഏജൻസിക്ക് നൽകിയ അഭിമുഖത്തിൽ, സംസാരിക്കുകയായിരുന്നു അദ്ദേഹം. കേന്ദ്ര സർക്കാരിന്റെ പരിഷ്കാരങ്ങൾ സാധാരണ പൗരന്മാർക്ക് വലിയ തോതിൽ പ്രയോജനം ചെയ്യുന്നുണ്ടെന്ന് ശ്രീ മോദി പറഞ്ഞു. വികസിത രാഷ്ട്രമാകാനുള്ള ഇന്ത്യയുടെ ആഗ്രഹത്തെ പ്രതിഫലിപ്പിക്കുന്നതാണ് ഈ വർഷത്തെ കേന്ദ്ര ബജറ്റ് എന്ന് പറഞ്ഞ പ്രധാനമന്ത്രി ഇന്ത്യയുടെ ഒരു ദശാബ്ദത്തിലെ പ്രതിരോധ പരിഷ്കാരങ്ങളുടെ നേട്ടങ്ങൾ ഓപ്പറേഷൻ സിന്ദൂറിലൂടെ പ്രകടമായതായും വ്യക്തമാക്കി.

**&&&&&&&&&&&&&&&&&&**

## PM-INDIA AI EXPO 2026 (INTRO)

ഇന്ത്യ AI ഇംപാക്ട് എക്സ്പോ 2026 പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. ഇന്ത്യ AI ഇംപാക്ട് ഉച്ചകോടിയുടെ ഭാഗമായാണ് അഞ്ച് ദിവസത്തെ എക്സ്പോ സംഘടിപ്പിക്കുന്നത്.

**വിശദംശങ്ങളിലേക്ക്..............**

(വോയിസ്)

## PM-INDIA AI EXPO 2026 (VOICE)

ഓസ്ട്രേലിയ, ജപ്പാൻ, റഷ്യ, യു.കെ, ഫ്രാൻസ്, ജർമ്മനി, ഇറ്റലി, നെതർലാൻഡ്സ്, സ്വിറ്റ്സർലൻഡ്, സെർബിയ, എസ്റ്റോണിയ, താജിക്കിസ്ഥാൻ, ആഫ്രിക്ക എന്നിവയുൾപ്പെടെ 13 രാജ്യങ്ങളുടെ പവലിയനുകൾ പ്രദർശനമേളയിൽ ഒരുക്കിയിട്ടുണ്ട്. പീപ്പിൾ, പ്ലാനറ്റ്, പ്രോഗ്രസ് എന്നീ മൂന്ന് ആശയങ്ങളിലാണ് പ്രദർശനം പ്രധാനമായും ശ്രദ്ധ കേന്ദ്രികരിക്കുന്നത്. 300-ലധികം ക്യൂറേറ്റഡ് എക്സിബിഷൻ പവലിയനുകളും തത്സമയ പ്രദർശനങ്ങളും എക്സ്പോയിൽ സജ്ജമാക്കിയിട്ടുണ്ട്. ആഗോളതലത്തിൽ ഉയർന്നുവരുന്ന പ്രതിസന്ധികൾക്ക് പൗരകേന്ദ്രികൃത പരിഹാരങ്ങളുമായി പുതിയ സ്റ്റാർട്ടപ്പുകളും മേളയിൽ പങ്കെടുക്കുന്നുണ്ട്. അന്താരാഷ്ട്ര പ്രതിനിധികൾ ഉൾപ്പെടെ രണ്ടര ലക്ഷത്തിലധികം സന്ദർശകർ പ്രദർശനത്തിന് എത്തുമെന്നാണ് കണക്കാക്കുന്നത്. ആഗോള എ.ഐ ആവാസവ്യവസ്ഥയിൽ പുതിയ പങ്കാളിത്തങ്ങൾ വളർത്തിയെടുക്കാനും വ്യാവസായിക അവസരങ്ങൾ സൃഷ്ടിക്കാനും പരിപാടി ലക്ഷ്യമിടുന്നു.

**ന്യൂസ് ഡെസ്ക് ആകാശവാണി.....**

&&&&&&&&&&&&&&&&&&

## SPEAKER OM BIRLA- BANGLADESH

ബംഗ്ലാദേശ് നാഷണലിസ്റ്റ് പാർട്ടി ചെയർമാൻ താരിഖ് റഹ്മാന്റെ നേതൃത്വത്തിലുള്ള പുതുതായി തിരഞ്ഞെടുക്കപ്പെട്ട സർക്കാരിന്റെ സത്യപ്രതിജ്ഞാ ചടങ്ങിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് ലോക്സഭാ സ്പീക്കർ ഓം ബിർള പങ്കെടുക്കും. നാളെയാണ് സത്യപ്രതിജ്ഞ ചടങ്ങ്. ഇരു രാജ്യങ്ങളെയും ബന്ധിപ്പിക്കുന്ന ജനാധിപത്യ മൂല്യങ്ങളോടുള്ള ഇന്ത്യയുടെ ഉറച്ച പ്രതിബദ്ധത സ്പീക്കറുടെ പങ്കാളിത്തത്തിലൂടെ വീണ്ടും ഉറപ്പിക്കുന്നുവെന്ന് വിദേശകാര്യ മന്ത്രാലയം പറഞ്ഞു.

&&&&&&&&&&&&&&&&&&

## EC-ASSAM-VISIT

2026-ലെ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള അസമിലെ തയ്യാറെടുപ്പുകൾ അവലോകനം ചെയ്യുന്നതിനായി മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിന്റെ നേതൃത്വത്തിലുള്ള സംഘം ഇന്ന് ഗുവാഹത്തി സന്ദർശിക്കും. മൂന്ന് ദിവസത്തെ പര്യടനത്തിൽ, സംസ്ഥാനത്തെ മുതിർന്ന ഉദ്യോഗസ്ഥരുമായും വിവിധ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളുമായും കമ്മീഷൻ കൂടിക്കാഴ്ച നടത്തും.

&&&&&&&&&&&&&&&&&&

## WB- EC DISCIPLINARY ACTION

പശ്ചിമ ബംഗാളിലെ ഏഴ് അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവിട്ടു. ഇവർക്കെതിരെ നിരവധി പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് നടപടി. അതേസമയം, സുപ്രീം കോടതിയുടെ നിർദ്ദേശം പ്രകാരം എസ്ഐആർ പ്രക്രിയയുമായി ബന്ധപ്പെട്ട് ഫോം-7ൽ സമർപ്പിച്ചിട്ടുള്ള എല്ലാ എതിർപ്പുകളും തീർപ്പാക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ കർശനമായ നിർദേശം നൽകി.

&&&&&&&&&&&&&&&&&&

## AMIT SHAH-COOPERATION MINISTERS

സഹകരണ മേഖലയിലെ പ്രധാന പരിഷ്കാരങ്ങളും വിപുലീകരണ പദ്ധതികളും അവലോകനം ചെയ്യുന്നതിനായി കേന്ദ്രമന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ നാളെ സഹകരണ മന്ത്രിമാരുടെ ഉന്നതതല യോഗം ചേരും. ഗുജറാത്തിൽ നടക്കുന്ന യോഗത്തിൽ എല്ലാ സംസ്ഥാനങ്ങളിലേയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും മന്ത്രിമാർ പങ്കെടുക്കും. സഹകരണ മന്ത്രാലയം ഏറ്റെടുത്ത പ്രധാന സംരംഭങ്ങളുടെ പുരോഗതി യോഗത്തിൽ വിലയിരുത്തും.

&&&&&&&&&&&&&&&&&&

## TN CM-APPEALS TO PM

ശ്രീലങ്കൻ തമിഴരുടെ പൗരത്വ അപേക്ഷകൾ പരിഗണിക്കുന്നത് വിലക്കുന്ന മുൻ ഭരണനിർദ്ദേശങ്ങൾ റദ്ദാക്കുന്നത് പരിഗണിക്കണമെന്ന് കാണിച്ചു പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് കത്ത് നൽകി തമിഴ്നാട് മുഖ്യമന്ത്രി എം.കെ.സ്റ്റാലിൻ. ഏകദേശം 89,000 പേർ ഇപ്പോഴും തമിഴ്നാട്ടിൽ താമസിക്കുന്നുണ്ടെന്നും, അവരിൽ വലിയൊരു വിഭാഗം 30 വർഷത്തിലേറെയായി ഇന്ത്യയിൽ തന്നെ താമസിക്കുന്നവരാണെന്നും അദ്ദേഹം പറഞ്ഞു. ശ്രീലങ്കൻ തമിഴരുടെ അവസ്ഥയെക്കുറിച്ച് വിശദമായ പഠനം നടത്തിയ പ്രവാസി തമിഴർക്കായി പരിഗണിക്കേണ്ട കാര്യങ്ങൾ കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ശ്രീ എം.കെ.സ്റ്റാലിൻ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## COAS-AUSTRALIA VISIT

കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദിയുടെ നാല് ദിവസത്തെ ഓസ്ട്രേലിയൻ സന്ദർശനം ഇന്ന് ആരംഭിക്കും. ഇന്ത്യ-ഓസ്ട്രേലിയ പ്രതിരോധ സഹകരണം, ഉഭയകക്ഷി ബന്ധം എന്നിവ കൂടുതൽ ശക്തിപ്പെടുത്തുന്നതിനാണ് സന്ദർശനത്തിന്റെ ലക്ഷ്യമെന്ന് പ്രതിരോധ മന്ത്രാലയം അറിയിച്ചു. സന്ദർശന വേളയിൽ, ഓസ്ട്രേലിയൻ പ്രതിരോധ സേനയിലെ മുതിർന്ന ഉദ്യോഗസ്ഥരുമായി കരസേനാ മേധാവി ആശയവിനിമയം നടത്തും.

&&&&&&&&&&&&&&&&&&

## GATES-AMARAVATI

മൈക്രോസോഫ്റ്റ് സ്ഥാപകൻ ബിൽ ഗേറ്റ്സ് ഇന്ന് അമരാവതി സന്ദർശിക്കും. ആരോഗ്യം, നിർമിത ബുദ്ധി എന്നീ സംരംഭങ്ങളിലെ സഹകരണം വികസിപ്പിക്കുന്നതിനെക്കുറിച്ച് ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി എൻ ചന്ദ്രബാബു നായിഡുവുമായി അദ്ദേഹം ചർച്ച നടത്തും. കൂടാതെ ഉപമുഖ്യമന്ത്രി പവൻ കല്യാൺ, ഐ.ടി മന്ത്രി നര ലോകേഷ് എന്നിവരുമായി കൂടിക്കാഴ്ച നടത്തും. ഗേറ്റ്സ് ഫൗണ്ടേഷൻ ചിറ്റൂർ ജില്ലയിലെ കുപ്പത്തിൽ നടത്തുന്ന ആരോഗ്യ സംബന്ധിയായ പദ്ധതികളെക്കുറിച്ച് കൂടിക്കാഴ്ചയിൽ ചർച്ച നടക്കും.

&&&&&&&&&&&&&&&&&&

## ANNOUNCEMENT

കോട്ടയം, എറണാകുളം ജില്ലകളിലേക്കും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലേക്കും ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടൻറിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അപേക്ഷകൾ സമർപ്പിക്കാനുള്ള സമയപരിധി നാളെ അവസാനിക്കും. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ. ചുറ്റളവിൽ സ്ഥിരതാമസക്കാരായിരിക്കണം.

കൂടുതൽവിവരങ്ങൾക്ക് newsonair.gov.in, prasarbharati.gov.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക.

&&&&&&&&&&&&&&&&&&

## SIR

കേരളത്തിൽ തീവ്ര വോട്ടർ പട്ടിക പരിഷ്കരണ നടപടികൾ പുരോഗമിക്കുന്നു. കരട് വോട്ടർപട്ടികയിൽ ഉൾപ്പെട്ടതിന് ശേഷം പിശകുകൾ കണ്ടെത്തിയതിനെ തുടർന്ന് നോട്ടീസ് നൽകിയവർക്കുള്ള ഹിയറിംഗ് പൂർത്തിയായതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അറിയിച്ചു. അന്തിമ വോട്ടർ പട്ടിക ഈ മാസം 21 ന് പ്രസിദ്ധീകരിക്കും.

&&&&&&&&&&&&&&&&&&

## VAIGA 2026

സംസ്ഥാന കാർഷിക വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് നടക്കുന്ന വൈഗ കാർഷിക പ്രദർശന വിപണന മേളയുടെ ഭാഗമായി ഇന്ന് കർഷക പാർലമെന്റ് നടക്കും. 140 നിയമസഭാ മണ്ഡലങ്ങളിൽ നിന്നുള്ള കർഷക പ്രതിനിധികൾ ഇതിൽ പങ്കെടുക്കും. പ്രദർശന വിപണന മേള ഇന്ന് സമാപിക്കും.

&&&&&&&&&&&&&&&&&&

## KOTTAYAM MEDICAL COLLEGE

കോട്ടയം മെഡിക്കൽ കോളേജിൽ 283.60 കോടി രൂപയുടെ പദ്ധതികൾക്ക് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തുടക്കം കുറിക്കും. സർജിക്കൽ ബ്ലോക്ക്, കാത്ത്ലാബ്, സ്കിൻബാങ്ക്, മദർ ന്യൂബോൺ കെയർ യൂണിറ്റ്, ലാക്ടേഷൻ മാനേജ്മെന്റ് സെന്റർ

തുടങ്ങിയവ പദ്ധതികളിൽ ഉൾപ്പെടുന്നു. കിഫ്ബിയിലൂടെ 257 കോടി രൂപ ചെലവഴിച്ചാണ് 33,642 ചതുരശ്ര മീറ്റർ വിസ്തീർണത്തിൽ സർജിക്കൽ ബ്ലോക്ക് സജ്ജമാക്കിയത്. സംസ്ഥാനത്തെ രണ്ടാമത്തെ സ്കിൻ ബാങ്കാണ് ഇവിടെ പ്രവർത്തനമാരംഭിക്കുന്നത്.

**&&&&&&&&&&&&&&&&&&**

## CRICKET - T20 WORLD CUP (INTRO)

ഐ.സി.സി പുരുഷ ട്വന്റി -20 ക്രിക്കറ്റ് ലോകകപ്പിൽ, പാകിസ്ഥാനെതിരെ ഇന്ത്യക്ക് 61 റൺസ് ജയം.

**ആകാശവാണി പ്രതിനിധി സുരേഷ് ബാബു തയ്യാറാക്കിയ റിപ്പോർട്ട്....**

**(വോയിസ്)**

ഇന്ന് നടക്കുന്ന മത്സരങ്ങളിൽ അഫ്ഗാനിസ്ഥാൻ -യു.എ.ഇ യെയും, ഇംഗ്ലണ്ട് - ഇറ്റലിയെയും, ഓസ്ട്രേലിയ - ശ്രീലങ്കയെയും നേരിടും.

**&&&&&&&&&&&&&&&&&&**

## KERALA- HEAT ALERT

കേരളത്തിലെ വിവിധ ജില്ലകളിൽ അൾട്രാവയലറ്റ് വികിരണതോത് അപകടകരമായ രീതിയിൽ ഉയരുന്നു. കഴിഞ്ഞ 24 മണിക്കൂറിലെ കണക്കനുസരിച്ച് ഇടുക്കി ജില്ലയിലെ മൂന്നാർ, ആലപ്പുഴയിലെ ചെങ്ങന്നൂർ, പത്തനംതിട്ടയിലെ കോന്നി എന്നിവിടങ്ങളിൽ അൾട്രാവയലറ്റ് സൂചികയിൽ ഏറ്റവും ഉയർന്ന തോതായ എട്ട് രേഖപ്പെടുത്തി.

**&&&&&&&&&&&&&&&&&&**

## DUBAI- AYUSH

മൂന്നാമത് അന്താരാഷ്ട്ര ആയുഷ് സമ്മേളനത്തിനും പ്രദർശനത്തിനും ദുബായിൽ തുടക്കമായി. ഇന്ത്യയുടെ പരമ്പരാഗത വിജ്ഞാന സമ്പ്രദായങ്ങൾ ആഗോള ആരോഗ്യ ചർച്ചകളുടെ കേന്ദ്രബിന്ദുവായെന്ന് പരിപാടിയെ അഭിസംബോധന ചെയ്യവേ കേന്ദ്ര ആയുഷ് സഹമന്ത്രി പ്രതാപ് റാവു ജാദവ് പറഞ്ഞു. നാളെ വരെയാണ് സമ്മേളനം.

&&&&&&&&&&&&&&&&&&

## TRUMP-GAZA PEACE

ഗാസയുടെ പുനർനിർമാണത്തിനായി പുതുതായി രൂപീകരിച്ച സമാധാന സംഘത്തിലെ അംഗങ്ങൾ 5 ബില്യൺ യു.എസ് ഡോളർ വാഗ്ദാനം ചെയ്തതായി യു.എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. പ്രദേശത്ത് സമാധാനം നിലനിർത്തുന്നതിന് പോലീസ് സേനയിൽ കൂടുതൽ ഉദ്യോഗസ്ഥരെ നിയോഗിക്കുമെന്നും ട്രംപ് പറഞ്ഞു. വ്യാഴാഴ്ച വാഷിംഗ്ടണിൽ നടക്കുന്ന ബോർഡ് അംഗങ്ങളുടെ സത്യപ്രതിജ്ഞ ചടങ്ങിൽ വാഗ്ദാനങ്ങൾ ഔദ്യോഗികമായി പ്രഖ്യാപിക്കുമെന്നും അദ്ദേഹം അറിയിച്ചു.

&&&&&&&&&&&&&&&&&&

## IRAN-US TALKS

ഇറാൻ-അമേരിക്ക രണ്ടാം ഘട്ട ആണവ ചർച്ച നാളെ നടക്കും. ചർച്ചയിൽ പങ്കെടുക്കാൻ ഇറാൻ വിദേശകാര്യ മന്ത്രി അബ്ബാസ് അരഘ്ചിയും സംഘവും ജനീവയിലേക്ക് തിരിച്ചു. സ്വിറ്റ്സർലൻഡിലെയും ഒമാനിയിലെയും വിദേശകാര്യ മന്ത്രിമാരുമായും ഐക്യരാഷ്ട്രസഭയുടെ ആണവ നിരീക്ഷണ ഏജൻസിയായ ഇന്റർനാഷണൽ ആറ്റോമിക് എനർജി ഏജൻസിയുടെ ഡയറക്ടർ ജനറലുമായും ഇറാൻ വിദേശകാര്യ മന്ത്രി കൂടിക്കാഴ്ച നടത്തുമെന്നാണ് റിപ്പോർട്ട്. അതേസമയം ഇറാനുമായുള്ള പ്രശനങ്ങൾ പരിഹരിക്കാൻ അമേരിക്കയ്ക്ക്

താല്പര്യമുള്ളതായി യു.എസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ പറഞ്ഞു. കഴിഞ്ഞയാഴ്ച ഒമാനിലായിരുന്നു ആദ്യ ഘട്ട ചർച്ച നടന്നത്.

**&&&&&&&&&&&&&&&&&&**

**&&&&&&&&&&&&&&**

**&&&**